**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 293** **09-10-2025 - ൽ മറുപടിയ്ക്ക്**

**കേരളാ സാംസ്കാരിക ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതൊക്കെ സ്ഥാപനങ്ങളിലാണ് കലാപഠന കോഴ്സുകൾ നിലവിലുള്ളതെന്ന് വിശദമാക്കാമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നാടൻ കലകൾ കോഴ്സായി പഠിപ്പിക്കുന്ന ഏതൊക്കെ സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; | (ബി) | കേരളത്തിലെ മിക്കവാറും നാടൻ കലകൾ പാരമ്പര്യമായി ഗുരുമുഖത്ത് വച്ചാണ് പഠിക്കുന്നത്. എന്നിരുന്നാലും കേരള ഫോക് ലോർ അക്കാദമിയുടെ ആഭിമുഖ്യത്തിൽ കോട്ടയം വെള്ളാവൂർ സബ് സെന്ററിൽ കരു, മരം, തുടി എന്നീ വാദ്യങ്ങൾ, നാടൻപാട്ട് എന്നിവയിൽ പരിശീലനം നല്കി വരുന്നു. |
| (സി) | ശാസ്ത്രീയ കലകളും നാടൻ കലകളും അന്താരാഷ്ട്ര തലത്തിൽ സ്വീകാര്യതയുള്ള കോഴ്സുകളാക്കി പഠിപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കാമോ; | (സി) | കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയിൽ ക്ലാസിക്കൽ/ശാസ്ത്രീയ കലകളിൽ സംസ്ഥാനത്തെ മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളി ലേതുപോലെ CBCSS (Choice Based Credit and Semester System) സമ്പ്രദായത്തിൽ ബിരുദ, ബിരുദാനന്തര കോഴ്സുകൾ നടത്തിവരുന്നുണ്ട്. ഈ അദ്ധ്യയനവർഷം മുതൽ FYUGP (Four Year Undergraduate Programme) സമ്പ്രദായത്തിൽ ബിരുദ, ബിരുദാനന്തര കോഴ്സുകളും നടത്തി വരുന്നു. |
| (ഡി) | ശാസ്ത്രീയ കലകളുടെയും നാടൻ കലകളുടെയും അന്താരാഷ്ട്ര തലത്തിൽ സ്വീകാര്യതയുള്ള കോഴ്സുകൾ നടത്തുന്നതിന് കേരളാ സാംസ്കാരിക ഓപ്പൺ സർവകലാശാല സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | കേരള സാംസ്കാരിക ഓപ്പൺ സർവ്വകലാശാല എന്ന ആശയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ കേരള കലാമണ്ഡലം കല്പിതസർവ്വകലാശാലയെ ഒരു സമ്പൂർണ്ണ സാംസ്കാരിക സർവ്വകലാശാലയാക്കി ഉയർത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

സാംസ്കാരിക വകുപ്പിന് കീഴിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ കലാപഠന കോഴ്സുകൾ നടത്തിവരുന്നു.

1) **കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല** - 14 ശാസ്ത്രീയ കലാ വിഷയങ്ങളിലായി ഹൈസ്കൂൾ, ഹയർ സെക്കന്ററി, ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ കലാപഠനം നടത്തി വരുന്നു.

2) **മോയിൻകുട്ടി മാപ്പിള കലാ അക്കാദമി** – മോയിൻകുട്ടി മാപ്പിള കലാ അക്കാദമിയുടെ സ്കൂൾ ഓഫ് മാപ്പിള കലാ ആർട്സ് മുഖേന മാപ്പിളകലകളായ മാപ്പിളപ്പാട്ട്, ഒപ്പന, കോൽക്കളി, ദഫ് മുട്ട് എന്നീ കലാപഠന കോഴ്സുകൾ നടത്തി വരുന്നു.

3) **ഗുരു ഗോപിനാഥ് നടനഗ്രാമം** - കേരള നടനം - ഏകവത്സര സർട്ടിഫിക്കറ്റ് കോഴ്സ്, ഇന്റഗ്രേറ്റഡ് സർട്ടിഫിക്കറ്റ് കോഴ്സ് എന്നിവയ്ക്കു പുറമെ 13 ഇനങ്ങളിൽ പാർട്ട് ടൈം പരിശീലന കോഴ്സുകളും നടത്തുന്നു.

4) **കേരള ഫോക് ലോർ അക്കാദമി** - കണ്ണപുരം, കോട്ടയം സബ് സെന്ററുകളിൽ ചെണ്ട പഠനക്ലാസ്.

5) **തെയ്യം - കല -അക്കാദമി** (National Centre for Tangible and Intangible Cultural Heritage):

* കാലടി സംസ്കൃത സർവകലാശാലയുടെ സഹകരണത്തോടെ യോഗ, തെയ്യം, കളരിപ്പയറ്റ് എന്നീ നാടൻ കലകൾ.

* ഗുരു-ശിഷ്യ പരമ്പര പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കളരിപ്പയറ്റ് ഡിപ്ലോമ കോഴ്സ്.

* മ്യൂറൽ പെയിന്റിംഗ് പരിശീലനത്തിനുള്ള സർട്ടിഫിക്കറ്റ് കോഴ്സ്.

6) **വാസ്തു വിദ്യാഗുരുകലം** - കേരളച്ചുമർചിത്ര രചനയിൽ ഒരു വർഷ സർട്ടിഫിക്കറ്റ് കോഴ്സും രണ്ട് വർഷ ഡിപ്ലോമ കോഴ്സും നടത്തി വരുന്നു.

7) **മാർഗി** – കഥകളി, കൂടിയാട്ടം, നങ്ങ്യാർകൂത്ത്, ചാക്യാർകൂത്ത്

8) **ജവഹർ ബാലഭവൻ -** വിവിധ വിഷയങ്ങളിൽ കുട്ടികൾക്ക് കലാപരിശീലനം നടത്തി വരുന്നു.